പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1902

22.03.2012-ൽ മറുപടിയ്ക്ക്

# കടലിൽ കൊലചെയ്യപ്പെട്ടിട്ടുള്ളവരുടെ വിശദാംശം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളതീരത്ത് കേരളത്തിന്റെ അധികാരപരിധിയിലുള്ള സമുദ്രാതിർത്തിയിലും രാജ്യത്തിന്റെ അധികാരപരിധിയിലുള്ള സമുദ്രാതിർത്തിയിലും കടലിൽ എത്ര പേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) | 7 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ ഓരോ സംഭവങ്ങളുടെയും, മരണപ്പെട്ടയാളുകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) | 1. 15.02.12 ബുധനാഴ്ച നീണ്ടകരയ്ക്ക് പടിഞ്ഞാറ് ഏകദേശം 14 നോട്ടിക്കൽ മൈൽ അകലെ ഉൾക്കടലിൽ വച്ച് സെയ്ന്റ് ആന്റണി എന്ന മത്സ്യബന്ധന ബോട്ടിലെ രണ്ട് മത്സ്യത്തൊഴിലാളികൾ എൻറിക്ക ലെക്സി (Enrica Lexie) എന്ന ഇറ്റാലിയൻ കപ്പലിലെ സുരക്ഷാ ഭടൻമാരുടെ വെടിയേറ്റ് മരണപ്പെടുകയുണ്ടായി. കൊല്ലം മൂദാക്കര സ്വദേശി ശ്രീ.ജലസ്റ്റിൻ എന്ന വാലന്റൈൻ(വയസ് 43), കന്യാകുമാരി സ്വദേശി അജീഷ് പിങ്കു (വയസ് 22, S/o ആന്റണി സേവ്യർ, പുളിവിളാകം, ഇറയിൻതുറ, പൂത്തുറ, കന്യാകുമാരി, തമിഴ്നാട്).<br>2) 01.03.12-ന് കൊല്ലം തങ്കശ്ശേരി സ്വദേശി ശ്രീ. ജേക്കബ് ആന്റണിയുടെ 'ഡോൺ' എന്ന ഫിഷിംഗ് ബോട്ടിൽ 'പ്രഭുദയ' എന്ന ചരക്ക കപ്പൽ ഇടിച്ച് 5 പേർ മരണപ്പെട്ടു. ആലപ്പുഴ-ചേർത്തല വടക്ക് പടിഞ്ഞാറ് ഭാഗത്തു വച്ചാണ് സംഭവം. |

| | | | |
|---|---|---|---|
| | | | **മരണപ്പെട്ട മത്സ്യത്തൊഴിലാളികൾ**<br>1. ശ്രീ.ജസ്റ്റിൻ, 41 വയസ്, കിണറ്റിൻകര, കോവിൽതോട്ടം, ചവറ.<br>2. ശ്രീ.സേവ്യർ, 42 വയസ്, S/o ആന്റണി, ആന്റണി മന്ദിരം, പുത്തൻതുറ.<br>3. ശ്രീ.ബർണാഡ്, 35 വയസ്, ജോൺ ബോസ്കോ നഗർ, ഹൗസ് നം.73, പോർട്ട് കൊല്ലം.<br>4. ശ്രീ. സന്തോഷ്, വയസ്സ് 30, കടപ്പുറം പുറമ്പോക്ക്, പള്ളിത്തോട്ടം.<br>5. ശ്രീ.ക്ലീറ്റസ്, വയസ് 36, S/o അഗസ്റ്റിൻ, കല്ലിശ്ശേരി വീട്, കോവിൽതോട്ടം. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം ക്രൈം നമ്പറുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (സി) | ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിയേറ്റ് രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ട സംഭവത്തിൽ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 02/2012 under section 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 01.03.12-ന് ചരക്ക കപ്പൽ മത്സ്യ ബന്ധന ബോട്ടിൽ ഇടിച്ച് മരണപ്പെട്ട സംഭവം സംബന്ധിച്ച് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 228/12 എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ക്രൈം നമ്പറുകളുടെ എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) | പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്